Malappuram District Police

## 21.10.2017 കല്പകഞ്ചേരി

പ്രായപൂർത്തിയാകാത്ത ബംഗ്ലദേശ് സ്വദേശിനിയെ പീഡിപ്പിച്ച കേസിൽ ജാമ്യത്തിൽ ഇറങ്ങി മുങ്ങിയ പ്രതിയെ ഒമ്പതു വർഷത്തിനുശേഷം അറസ്റ്റ് ചെയ്തു. എടക്കര സ്വദേശി തൊരപ്പ അബ്ദുൽ റസാഖി((51)നെ ആണ് എസ്ഐ പി.എസ്. മഞ്ജിത് ലാലും സംഘവും അറസ്റ്റ് ചെയ്തത്.

2008-ൽ പെരുമണ്ണ ക്ലാരിയിലെ കാർട്ടേഴ്സിൽ വെച്ച് പെൺകുട്ടിയെ പീഡിപ്പിച്ച കേസിൽ ഇയാൾ അറസ്റ്റിലായിരുന്നു. 100 ദിവസം റിമാന്റിൽ കഴിഞ്ഞശേഷം ജാമ്യത്തിൽ ഇറങ്ങി മുങ്ങുകയായിരുന്നു. പ്രതിയെ കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തു. എഎസ്ഐ സുരേഷ്, സീനിയർ സിപിഒ ബിനീത് കുമാർ, നിലമ്പൂർ എഎസ്ഐ ശശികുമാർ എന്നിവരാണ് അന്വേഷണ സംഘത്തിൽ ഉണ്ടായിരുന്നത്.